Monthly Price Rs. 4/- 2009

# ബൈബിൾ ട്രൂത്ത്

"ദൈവ വചനം എന്ന
ആത്മാവിന്റെ വാൾ...
എടുക്കുക"

# THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരു. റോമർ 3:3**

| വിശ്വാസ<br>പ്രമാണം<br>ആവശ്യമാണ്<br>'എങ്കിൽ'... | മനുഷ്യർക്ക്<br>അധികാരം<br>ഉണ്ട്<br>'എങ്കിൽ'... | ഏതെങ്കിലും<br>പേർ<br>മതി<br>'എങ്കിൽ'... | രക്ഷ<br>സഭയ്ക്കു<br>പുറത്ത് ഉണ്ട്<br>'എങ്കിൽ'... | നിങ്ങൾ രക്ഷ<br>മാറ്റി<br>വെക്കുന്നു<br>'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 24** **June 2009** **No.3**


## എഡിറ്റോറിയൽ

അധാർമ്മികതയും അക്രമവും വർദ്ധിച്ചുവരികയാണ് നമ്മുടെ സമൂഹത്തിൽ. നിയമത്തിന്റെയോ നിയമപാലകരുടേയോ കുറവല്ല അതിനു കാരണം. അടിസ്ഥാനപരമായി മനുഷ്യരുടെ ജീവിതം പരിശോധിക്കണം. ആരംഭ ഘട്ടത്തിലേക്കു നോക്കിയാൽ മനുഷ്യനെ ദൈവം സൃഷ്ടിച്ചപ്പോൾ അവനെ തികവുള്ളവനായിട്ടാണ് നിർമ്മിച്ചത്. ദൈവിക സാദൃശത്തിൽ അവർ ആകേണ്ടതിനു പൊടിയിൽ നിന്നു മനുഷ്യ രൂപം ഉണ്ടാക്കി ജീവശ്വാസം ഊതി. ഇന്നും മനുഷ്യരിലുള്ള ശ്വാസം ദൈവത്തിന്റേതാണ്. പക്ഷെ അങ്ങനെയുള്ള മനുഷ്യൻ ഇങ്ങനെ ആയി തീരുവാനുള്ള കാരണത്തെ നാം കണ്ടെത്തണം. മനുഷ്യർ ലോകത്തിൽ പെരുകിക്കൊണ്ടാണിരിക്കുന്നതു എന്ന കാര്യം വിസ്മരിക്കുന്നില്ല. മനുഷ്യരുടെ ആവശ്യങ്ങളും വർദ്ധിച്ചുവരികയാണ് എന്നതും വാസ്തവം തന്നെ. തെറ്റായ ചിന്ത, ആദ്യമനുഷ്യരിൽ കടത്തി വിട്ടതു പിശാചാണ്. ദൈവകല്പനയെ ലംഘിക്കുന്നതിനു സാത്താൻ ഹവ്വയെ പ്രലോഭിപ്പിച്ചു. ദൈവനിയമത്തിനെതിരായി പ്രവർത്തിക്കുവാൻ പ്രേരണ നല്കുന്നതു എന്തു കാരണത്താലായാലും നാം അതിന്റെ പരിണിത ഫലം അനുഭവിക്കും എന്നതിൽ തർക്കമില്ല. നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നാൽ നിങ്ങൾ മരിക്കും എന്ന ദൈവത്തിന്റെ മുന്നറിയിപ്പു അവഗണിച്ചതു ലോകത്തിനു ദോഷമായി ഭവിച്ചു. ആദാമും ഹവ്വയും ചെയ്ത തെറ്റിന്റെ അനന്തരഫലം നാം ഓരോരു

ത്തരും ഇന്ന് അനുഭവിക്കുകയാണ്. പക്ഷെ അവരുടെ പാപത്തിന്റെ ശിക്ഷ നമ്മിൽ വരുന്നില്ല.

പാപം മനുഷ്യരെ ആകർഷിക്കുന്ന ഒന്നാണ്. നമ്മിൽ തെറ്റിദ്ധാരണയും ആശയകുഴപ്പവും ഉണ്ടാകുമ്പോൾ ഉറപ്പാക്കണം അതിന്റെ ഫലം. നീതിയും സത്യവും ഇന്നു കുറഞ്ഞുവരികയാണ്. ധാർമ്മിക നിലവാരം വളരെ അധഃപ്പതിച്ചിരിക്കയാണ്. അറിവില്ലായ്മ കൊണ്ടല്ല മനുഷ്യർ അങ്ങനെ ജീവിക്കുന്നത്, പിന്നെയോ ദൈവഭയമില്ലാത്തതുകൊണ്ടാണ്. ബാല്യത്തിലേ കുട്ടികളെ ധാർമ്മിക സ്വഭാവമെന്തെ പഠിപ്പിക്കണം - ലക്ഷ്യബോധം അത്തരം ജീവിതത്തിൽ മാത്രമെ സ്ഥിരമായിരിക്കയുള്ളൂ. അതിനുപകരം കുട്ടികളെ പണത്തിനും പദവിക്കും ഊന്നൽ നല്കുന്ന രീതിയിലാണ് ബോധവൽക്കരണം നടത്തുന്നത്. ഇന്നത്തെ വിദ്യാഭ്യാസം പോലും ആ നിലയിലേക്കു തരംതാണിരിക്കുകയാണ്. മാതാപിതാക്കൾക്കു അവരുടെ കുട്ടികൾ ആരാകണം എന്ന ചിന്ത കടത്തിവിടുമ്പോൾ സൂക്ഷിക്കണം. പണ്ടുള്ളവർ അവരുടെ മക്കളെ ദൈവഭക്തിയുള്ളവരായിട്ടാണ് പ്രാഥമികമായി അവരെ നയിച്ചിരുന്നത്. രണ്ടാമതായിട്ടാണ് അവരുടെ അഭിലാഷത്തെ നോക്കിയിരുന്നത്. പക്ഷെ ഇന്നത്തെ അവസ്ഥ ആകെ മാറിയിരിക്കുകയാണ്. ഉയർന്ന ചിന്താഗതി സമൂഹത്തിനുണ്ടാകേണ്ടതു ആത്മികതയിലാണ്. അതായതു ദൈവപരിജ്ഞാനത്തിലാണ് കുട്ടികൾ വളരേണ്ടത്. മനുഷ്യസ്വഭാവത്തെ ദൈവിക നിലവാരത്തിലുയർത്തുവാൻ വചനമല്ലാതെ മറ്റൊന്നുമില്ല. നിങ്ങൾക്ക് ആരെയെങ്കിലും അനുകരിക്കണമെങ്കിൽ അതു ദൈവത്തെ മാത്രമെ ആകാവൂ. മനുഷ്യസ്വഭാവം പ്രാകൃതവും പൈശാചികവുമായി മാറുന്നത് തെറ്റായ മൂല്യങ്ങൾ വെച്ചു പുലർത്തുന്നതുകൊണ്ടാണ്. പണത്തിനുവേണ്ടി എന്തും ചെയ്യുവാൻ മടിക്കാത്ത യുവാക്കളെ കുറിച്ചു നമുക്കു ദുഃഖിക്കുവാനേ കഴിയുന്നുള്ളൂ എന്നു തോന്നുന്നു.

സത്യത്തെയും നീതിയെയും ജീവിതത്തിൽ മുറുകെ പിടിക്കുവാൻ കുട്ടികളെ പഠിപ്പിക്കണം. ക്രമവിരുദ്ധമായ അച്ചടക്കമില്ലായ്മ ജീവിതത്തെ താളം തെറ്റിക്കും. സമാധാനവും സന്തോഷവും വ്യക്തിജീവിതത്തിൽ നഷ്ടപ്പെടുന്നതിന്റെ കാരണം അവരുടെ പ്രവൃത്തികളാണ്. പണമുണ്ടായാലല്ല ജീവിതം സുരക്ഷിതത്വമുള്ളതാകുന്നത്, മറിച്ചു ദൈവഹിതം നിറവേറ്റിയാൽ മാത്രമാണുണ്ടാകുന്നത്.

മക്കളെ സത്യവഴി പഠിപ്പിച്ചില്ലെങ്കിൽ അവർ തെറ്റായ വഴി തിരഞ്ഞെടുക്കും. മാതാപിതാക്കൾ മക്കൾക്കു സ്നേഹം കൊടുത്തില്ലെങ്കിൽ അവർക്കു സ്നേഹം കിട്ടുന്ന കൂട്ടുകാരിലേക്കു അവർ തിരിയും. അവരുടെ സ്വാധീനത്തിലായി കഴിഞ്ഞാൽ, പിന്നെ അവരെ വിശ്വസിക്കുകയും അവർ പറയുന്നതെന്തും ചെയ്യുകയും ചെയ്യും. ഈ അധാർമ്മികതയും അക്രമവും സമൂഹത്തിൽ പടർന്നുപിടിച്ചു അനേകം പേരെ നശിപ്പിച്ചിരിക്കുകയാണ്. ഇനിയെങ്കിലും എല്ലാവരും തുറന്ന മനസ്സോടെ ദൈവത്തിലേക്കും അവന്റെ വചനത്തിലേക്കും മടങ്ങി വരിക.

ദൈവവുമായുള്ള ബന്ധം മാനുഷിക ജ്ഞാനത്താൽ ലഭിക്കുന്നതല്ല. മറിച്ച്, ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യത്താൽ മാത്രം ലഭിക്കുന്നതാണ്. അത് മനസ്സിലാക്കി ദൈവഹിതം തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാതെ ഇത്തരം അവിഹിത സ്വഭാവങ്ങൾ ദൂരീകരിക്കാൻ സാധ്യമല്ല. അമിതമായ ആഗ്രഹങ്ങളേക്കാൾ മിതമായ ആഗ്രഹങ്ങൾ ആണ് നമുക്ക് ആവശ്യം. ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടാൽ ദൈവം നമ്മെ ഉപേക്ഷിക്കുകയില്ല. നേരെ മറിച്ചു അത്യാഗ്രഹം നമ്മിൽ ഉണ്ടെങ്കിൽ നാം അപകടത്തിൽ ചെന്നു ചാടും. ദൈവം ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്ന ഒന്നും ചെയ്യുവാൻ പാടില്ല. അതേ സമയം ചെയ്യുവാൻ കല്പിച്ചിരിക്കുന്നവ അങ്ങനെ തന്നെ ചെയ്യുകയും വേണം. യേശുക്രിസ്തു കാണിച്ചു തന്ന വഴി മാത്രമാണ് സത്യവഴി. നമുക്ക് ഇന്നു ആശ്രയിക്കാവുന്നതു യേശുക്രിസ്തു മാത്രമാണ്. അവന്റെ ഉപദേശങ്ങൾ ഒക്കെയും പ്രായോഗികവും വിശ്വസനീയവുമത്രെ. ജീവിതത്തിൽ ചെയ്തിട്ടുള്ള എല്ലാ തെറ്റിൽ നിന്നും ദൈവവഴിയിലേക്കു പൂർണ്ണമായി തിരിഞ്ഞു ക്രിസ്തു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി മുങ്ങൽ സ്നാനം ഏല്ക്കുക. അപ്പോൾ കർത്താവു നിങ്ങളെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കും. തുടർന്നു മരണത്തോളം വചനപ്രകാരം വിശ്വസ്തമായി സത്യ ദൈവത്തെ ആരാധിച്ചു സേവിക്കുക. ഇതു മാത്രമാണ് സകല മനുഷ്യർക്കും കരണീയം. നല്ല സമൂഹത്തെ വാർത്തെടുക്കുവാനുള്ള ദൈവിക പദ്ധതി ആണിത്.

# വാഗ്ദത്ത രാജ്യം (സഭ) ഒരു നാളും നശിക്കയില്ല

## J.C. ചോട്ട്

ഒരു നാളും നശിച്ചുപോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമായ ഒരു രാജ്യം കർത്താവു സ്ഥാപിക്കും എന്നു ദാനിയേൽ പ്രവചിക്കയുണ്ടായി (ദാനിയേൽ 2:44). അതെപ്പോൾ, എവിടെ അതു സ്ഥാപിതമാകും എന്നറിയിച്ചിരുന്നു. വേറെയും അനേക പ്രവചനങ്ങൾ ഉണ്ട് (യെശയ്യാവ് 2:2–3; യോവേൽ 2:28, 29).

യോഹന്നാൻ സ്നാപകൻ വന്നു ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു പ്രസംഗിച്ചു (മത്തായി 3:1–2). ക്രിസ്തു ദൈവരാജ്യത്തെ കുറിച്ചു പ്രസംഗിച്ചു. രാജ്യം ശക്തിയോടുകൂടെ വരുന്നതു അന്നു ജീവനോടെ ഇരിക്കുന്നവർ കാണും എന്നു ക്രിസ്തു പറഞ്ഞു (മർക്കൊസ് 9:1). ദൈവരാജ്യം വരേണ്ടതിനു പ്രാർത്ഥിപ്പാനായി ശിഷ്യന്മാരോടു യേശു പറയുകയുണ്ടായി (മത്തായി 6:10).

ക്രിസ്തു ദൈവ പുത്രനാണെന്നു അപ്പൊസ്തലന്മാർ ഏറ്റു പറഞ്ഞപ്പോൾ, ആ സത്യമായ പാറമേൽ തന്റെ സഭയാകുന്ന രാജ്യം പണിയും എന്നു കർത്താവു അരുളിച്ചെയ്തു. ആ രാജ്യം മറ്റൊരു ശക്തിക്കും ഏല്പിച്ചു കൊടുക്കയില്ല എന്നും പറഞ്ഞു (മത്തായി 16:18–19). പിന്നീട് എബ്രായ ലേഖകൻ, ആ രാജ്യം പ്രാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 12:28). കൊലൊസ്യർക്കു പൗലൊസ് ലേഖനമെഴുതുമ്പോൾ, തന്നെയും കൂടെ ഉൾപ്പെടുത്തി പറയുന്നതു: പിതാവു നമ്മെ ഇരുട്ടിൽ നിന്നു വിടുവിച്ചു തന്റെ പുത്രന്റെ രാജ്യത്തിലാക്കി തീർത്തിരിക്കുന്നു എന്നത്രെ (കൊലൊസ്യർ 1:13–14).

### എന്നാൽ എപ്പോഴാണ് രാജ്യം അഥവാ സഭ സ്ഥാപിച്ചത്?

തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കുശേഷം യേശു അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായി പറഞ്ഞതു: ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും

വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. അതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു (ലൂക്കൊസ് 24:46-49).

പിതാവിന്റെ അടുക്കൽ പോകുന്നതിനു തൊട്ടുമുൻപ് അവൻ അപ്പൊസ്തലന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിലും എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് (പ്രവൃത്തി 1:8).

അപ്പൊസ്തല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിലേക്കു നോക്കുമ്പോൾ പ്രവചനങ്ങളിൽ വാഗ്ദാനം ചെയ്ത രാജ്യം അഥവാ സഭ സ്ഥാപിച്ചതിന്റെ നിവർത്തീകരണം നടന്നതായി കാണാം. യേശുവിന്റെ ഉയർപ്പിനുശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോഴാണ് അതു സംഭവിച്ചതു. ലോകത്തിലെങ്ങുമുള്ള യെഹൂദന്മാർ സമ്മേളിക്കുന്ന അവരുടെ ഒരു പെരുന്നാളായിരുന്നു പെന്തെകൊസ്ത്. യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തേക്കു സുവിശേഷം എത്തിക്കുന്നതിനാണ് കർത്താവ് ഈ ദിവസം തിരഞ്ഞെടുത്തത്. ആ ഉദ്ദേശം നടക്കുകയും ചെയ്തു.

യെരുശലേമിൽ ആ പെന്തെകൊസ്തു നാളിൽ ധാരാളം പുരുഷന്മാർ ഒരുമിച്ചു കൂടിയിരുന്നു. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ പകരുകയും അതിന്റെ ഫലമായി ആത്മാവു അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അവർ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. ആ പുരുഷാരത്തോടു അവർ ക്രിസ്തുവിനെ പ്രസംഗിച്ചു. അതിന്റെ ഫലമായി ആളുകൾ അതുകേട്ടു വിശ്വസിച്ചു. അവർ എന്തു ചെയ്യണമെന്നു അവരോടു ചോദിക്കയുമുണ്ടായി. അവർ അവരോടു ഓരോരുത്തരോടും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവരുടെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു 3000 പേർ സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തി 2:41). രക്ഷി

ക്കപ്പെടുന്നവരെ കർത്താവു ദിനമ്പ്രതി സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:47).

ആകയാൽ പെന്തെകൊസ്തു നാളിൽ യെരുശലേമിൽ സഭ സ്ഥാപിക്കയുണ്ടായി (അന്നു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു). യേശുവിന്റെ ഉയിർപ്പിനുശേഷം എ.ഡി. 33-ൽ ആയിരുന്നു സ്ഥാപനം.

അന്നുമുതൽ നിലനില്ക്കുന്ന ഒന്നാണ് രാജ്യം അഥവാ സഭ. യേശുവിന്റെ ജനനത്തെ കുറിച്ച് പറയുമ്പോൾ സൂചിപ്പിച്ചതു നമുക്കു വായിക്കാം. "അവൻ യാക്കോബ് ഗൃഹത്തിനു എന്നേക്കും രാജാവായിരിക്കും അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല (ലൂക്കൊസ് 1:33). അപ്പൊസ്തല പ്രവൃത്തികളിലും തുടർന്നുള്ള ലേഖനങ്ങളിലും ഇതിനെ കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.

അനേകം ക്രിസ്ത്യാനികൾക്കും ഇടവകകൾക്കും വീഴ്ച്ച അഥവാ വിശ്വാസത്യാഗം സംഭവിക്കും എന്നു അപ്പൊസ്തലനായ പൗലൊസ് എഴുതി അറിയിച്ചിട്ടുണ്ട്. ആത്മാവ് എഴുതുവാനായി അവനെ നയിക്കുകയായിരുന്നു. എന്നാൽ ഭാവി കാലത്തു ചിലർ വ്യാജാത്മാക്കളേയും ഭൂതങ്ങളേയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്ത മനസാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും (1 തിമൊഥെയൊസ് 4:1-4). 2 തെസലൊനിക്യർ രണ്ടാം അദ്ധ്യായം ഒന്നുമുതൽ നാലുവരെയുള്ള വാക്യങ്ങളിൽ പൗലൊസ് ഇങ്ങനെയുള്ള വീഴ്ച്ചയെ കുറിച്ചു പറയുന്നുണ്ട്.

അനധികൃതവും വചന വിരുദ്ധവുമായ രീതിയിലുള്ള സഭാസംഘടിപ്പിക്കൽ നിമിത്തമാണ് ഇങ്ങനെയുള്ള വീഴ്ച്ചയും അകൽച്ചയും സംഭവിക്കുന്നത്: ഓരോ ഇടവകയിലും യോഗ്യതയുള്ള മൂപ്പന്മാരും ശുശ്രൂഷകന്മാരും വേണമെന്നും ഓരോ ഇടവകയും സ്വയം ഭരണത്തിലായിരിക്കണമെന്നതുമാണ് ദൈവത്തിന്റെ പദ്ധതി (1 തിമൊഥെയൊസ് 3; തീത്തൊസ് 1). അങ്ങനെയായാൽ ഏതെങ്കിലും ഒരു ഇടവക വീണു തെറ്റിപോയാലും മറ്റുള്ളവ സത്യത്തിൽ നിലനില്ക്കും.

സഭ സ്ഥാപിച്ചശേഷം, അതു വളർന്നു ലോകം മുഴുവൻ വ്യാപിച്ചു. എന്നാൽ കുറെ കഴിഞ്ഞപ്പോൾ മൂപ്പന്മാരിൽ ചിലർ അധികാരത്തിനുവേണ്ടി മുഖ്യ മൂപ്പന്മാരായി അറിയാൻ തുടങ്ങി. ക്രമേണ അനേകം ഇടവകകളെ ഭരിക്കുന്നതു ഒരു അദ്ധ്യക്ഷൻ ഏറ്റെടുത്തു. അങ്ങനെയാണ് ആറാം നൂറ്റാണ്ടോടുകൂടി കത്തോലിക്കാ സഭ നിലവിൽ വന്നതു. പിന്നീട് റോമാ എന്നും ഗ്രീക്ക് എന്നും രണ്ടായി അതു പിളർന്നു.

1500-ൽ ആണ് മാർട്ടിൻ ലൂഥർ നവോത്ഥാന പ്രസ്ഥാനം ആരംഭിച്ചതു. കത്തോലിക്കാ സഭയെ നവീകരിക്കാൻ ശ്രമിക്കയും ചെയ്തു. അതു വിജയിച്ചില്ല. തൽഫലമായി എതിർ ഗ്രൂപ്പുകൾ ഉടലെടുത്ത്, പിരിഞ്ഞു പിരിഞ്ഞാണ് ഇന്നു ലോകത്തിൽ കാണുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം ഉണ്ടായത്.

1700-നും 1800-നും ഇടയ്ക്കാണ് യൂറോപ്പിലേയും അമേരിക്കയിലേയും ധാരാളം നാമധേയ വിഭാഗക്കാർ ഒത്തുചേർന്നു അവർ പ്രൊട്ടസ്റ്റന്റ് എന്നോ കത്തോലിക്ക എന്നോ അറിയപ്പെടാൻ താല്പര്യപ്പെടാതെ ബൈബിളിലേക്ക് മടങ്ങി പോകാൻ ആഗ്രഹിക്കുകയും ക്രിസ്ത്യാനികൾ എന്നുമാത്രം അറിയപ്പെടാൻ ശ്രമിക്കയും ചെയ്തു. അങ്ങനെയാണ് അമേരിക്കയിലും യൂറോപ്പിലും സഭയുടെ പുനരേകീകരണം ആരംഭിച്ചത്. ക്രിസ്തുവിന്റെ സഭയുടെ നിലനില്പ് അങ്ങനെ തുടർന്നു വരുന്നു.

അന്നുവരെയും സഭ ഒരു സ്ഥലത്തല്ലെങ്കിൽ മറ്റൊരു സ്ഥലത്തുണ്ടായിരുന്നു എന്നോർക്കുക. ബൈബിളിൽ വായിക്കുന്ന ഏക സഭയിലേക്കു തിരിച്ചു വരുന്നവർ, വിശ്വാസത്തിലും, ആരാധനയിലും പരിശീലനത്തിലും വേദപുസ്തക മാതൃക പിൻപറ്റാൻ തീരുമാനിച്ചു. ഭാവിയിലും ക്രിസ്ത്യാനിത്വത്തെ അതിന്റെ സത്യത്തിലും ലാളിത്യത്തിലും സൂക്ഷിക്കുവാൻ അവർ തയ്യാറായി. എണ്ണത്തിൽ കുറവായാലും സത്യസഭ പ്രവചിച്ചതുപോലെ ആർക്കും ഒരിക്കലും നശിപ്പിക്കുവാൻ സാദ്ധ്യമല്ല. കർത്താവിന്റെ വീണ്ടും വരവുവരെ വിശ്വസ്തരായ ക്രിസ്ത്യാനികൾ അവന്റെ സഭയിലുണ്ടാകും (1 തെസലൊനിക്യർ 4; 17). ന്യായവിധിക്കുശേഷം രാജ്യം കർത്താവ് പിതാവിനെ ഏല്പിക്കും (1 കൊരിന്ത്യർ 15:24).

★

# സംഭാവന അല്ലെങ്കിൽ അർപ്പണം

## ഡോൺ വില്ല്യംസ്

ഒരു ദിവസത്തെ അദ്ധ്വാനത്തിനുശേഷം കണ്ടുമുട്ടിയ പന്നിയുടേയും കോഴിയുടേയും ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ താമസിക്കുന്ന വീട്ടിൽ എനിക്കു വലിയ ഭാരമുള്ള ജോലിയൊന്നുമില്ല. പക്ഷെ ആ വീട്ടുകാർ ഒരു ദിവസം 10 മുട്ടയെങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നു കോഴി പറഞ്ഞു. ഞാൻ ക്ഷീണിച്ചു മടുത്തു എന്നു പന്നിയും മറുപടി പറഞ്ഞു. നീ നിന്റെ സംഭാവന എല്ലാം അവർക്കു കൊടുക്കുന്നു എന്നാൽ ഞാൻ താമസിക്കുന്ന വീട്ടുകാർ എന്നെത്തന്നെ മേശയിലേക്കു എടുത്തുവെക്കുന്ന സമയം നോക്കിയിരിക്കയാണ് ഞാൻ എന്നുകൂടെ പന്നി പ്രസ്താവിച്ചു.

ഈ കഥ, ഓർമ്മിച്ച് സഭയിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരത്തിനായി മുൻപിൽ എത്തുന്ന പ്ലെയിറ്റോ സഞ്ചിയോ കാണുമ്പോൾ നമ്മുടെ സമീപനം എന്തായിരിക്കും? നമ്മുടെ സംഭാവന എപ്രകാരമായിരിക്കും? കർത്താവു നമുക്കു നല്കിയതുമായി താരതമ്യം ചെയ്താണോ നാം കർത്താവിനു കൊടുക്കുന്നതു. വാസ്തവത്തിൽ നാം ഒരു അർപ്പണ ബോധത്തോടെയാണോ ഇതു ചെയ്യുന്നത്?

നമുക്കുവേണ്ടി കർത്താവിനു കൊടുക്കേണ്ടിവന്ന സംഭാവനയെ നിങ്ങൾ വാസ്തവത്തിൽ കണക്കിലെടുത്തിട്ടുണ്ടോ? ഓരോരുത്തൻ വ്യക്തിപരമായി ചെയ്യേണ്ട കർത്തവ്യമാണ് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ സംഭാവന. അവനവന്റെ കഴിവനുസരിച്ചാണ് ഇതു ചെയ്യേണ്ടത്. വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭയോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിൽ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം. നമുക്കുവേണ്ടി മരിച്ച യേശുവിന്റെ മരണത്തിന്റെ വില നമുക്കു കാണാൻ പറ്റുമോ? അവൻ കാൽവരി മലയിൽ ചെയ്ത പ്രവർത്തിക്കു എന്തു പകരം കൊടുപ്പാൻ നമുക്കു കഴിയും? ഈ ലോകത്തുള്ള പണമോ വസ്തുവകകളോ ഒന്നും അതിനു പ്രത്യുപ

കാരമായി തീരുകയില്ല. ഏറ്റവും ശ്രേഷ്ഠമായ ദാനം തന്ന ദൈവത്തിന് നാം തിരിച്ച് ഏറ്റവും നല്ല സംഭാവന കൊടുക്കണ്ടേ? തീർച്ചയായും വേണം.

ഒരാൾ തന്റെ ജീവിതം ക്രിസ്തുവിൽ ഏല്പിക്കാൻ തീരുമാനിച്ചാൽ അവൻ ദൈവത്തിനു ഒരു പൂർണ്ണ സമർപ്പണം ആയി തീരണം. നമ്മുടെ സ്വാർത്ഥതയെ നാം പാടെ ത്യജിക്കണം എന്നിട്ടുവേണം യേശുവിനെ പിൻപറ്റുവാൻ. ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നാണ് കർത്താവു പറഞ്ഞത് (മത്തായി 16:24). പേരിനു വേണ്ടി യേശുവിനെ പിൻപറ്റുകയല്ല വേണ്ടത്. പൂർണ്ണമായ ഒരു സമർപ്പണമായിരിക്കണം എടുക്കേണ്ടത്. കലപ്പക്കു കൈ വെച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല (ലൂക്കൊസ് 9:62).

ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോഴാണ് ഒരാൾ തന്നെത്താൻ ത്യജിച്ച് ദൈവത്തിനായി സമർപ്പിക്കുന്നത്. അന്നു മുതൽ നമ്മുടെ ജീവിതവും പണവും വസ്തുവും സമയവും എല്ലാം ദൈവത്തിനുള്ളതായി മാറുന്നു. മുൻപും ദൈവത്തിന്റേതായിരുന്നു. പക്ഷെ ഇപ്പോൾ അതിന്റെ ഉപയോഗം ദൈവഹിതത്തിനായി നാം പ്രതിഷ്ഠിക്കുന്നു. അങ്ങനെ സമർപ്പണം ചെയ്തവർ ചില കാര്യങ്ങളിൽ അവർ അവരുടെ സ്വന്തം എന്ന നിലക്ക് ഉപയോഗിക്കുമ്പോൾ അതു എത്ര ദുഃഖകരമാണെന്നു ഓർത്തുനോക്കൂ. ഇനി ധർമ്മ ശേഖരത്തിന്റെ കാര്യത്തിൽ ചിലർ കാണിക്കുന്ന ഉദാസീനത എങ്ങനെ അവരെ അതു പിന്നീട് ബാധിക്കും എന്നു ചിന്തിക്കുന്നില്ല.

ഒരാൾ സ്നാനപ്പെടാൻ പോയപ്പോൾ സംഭവിച്ച കാര്യം ഓർമ്മയിൽ വരുന്നു. ഉപദേഷ്ടാവും സ്നാനമേല്ക്കേണ്ട ആളും വെള്ളത്തിൽ ഇറങ്ങുവാൻ തുടങ്ങിയപ്പോൾ സ്നാനം ഏല്ക്കാനായി തയ്യാറായ ആളുടെ പോക്കറ്റിൽ നോട്ടുകൾ കിടക്കുന്നതു കണ്ട ഉപദേഷ്ടാവ് അതു മാറ്റുവാൻ പറഞ്ഞു. പക്ഷെ അദ്ദേഹം പറഞ്ഞതെന്താണെന്നോ? അതിനോടുള്ള എന്റെ ആഗ്രഹവും സ്നാനപ്പെടുമ്പോൾ ഇല്ലാതാകണം എന്ന്, നാം ദൈവത്തിനു നല്കുമ്പോൾ നമുക്കുള്ളതെല്ലാം നല്കിക്കൊണ്ടു ദൈവത്തിൽ ആശ്രയിച്ചു

നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി തരുവാൻ ദൈവം ഉണ്ടല്ലോ എന്ന് വിശ്വാസത്തോടെ വേണം അർപ്പിക്കുവാൻ. മക്കെദോന്യയിലെ ക്രിസ്ത്യാനികൾ കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും മഹാ സന്തോഷത്തോടെ പ്രാപ്തിയനുസരിച്ചും അതിനു മീതെയും കൊടുത്തു. ഇതായിരിക്കണം നമ്മുടേയും മനോഭാവം (2 കൊരിന്ത്യർ 8:5).

✱

# തികവുള്ള മാതൃക

## K.V. മകാൽപിൻ

ക്രിസ്തു ഭൂമിയിൽ വന്നതു ഒരുദ്ദേശത്തിനുവേണ്ടിയായിരുന്നു. അതു പ്രവചന നിവർത്തീകരണത്തിനും നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കേണ്ടതിനും വേണ്ടി ആയിരുന്നു (മത്തായി 1:21; 1 തിമൊഥെയോസ് 1:15). നാം അവന്റെ കാലടികളെ പിൻപറ്റേണ്ടതിനു ക്രിസ്തു ഇവിടെയായിരുന്നപ്പോൾ ഒരു മാതൃക വിട്ടിട്ടാണ് പോയതു (1 പത്രൊസ് 2:21). വിട്ടു പോകുക എന്ന വാക്ക് അക്ഷരാർത്ഥത്തിൽ തന്നെ "പുറകിൽ വിടുക" എന്നതാണ് സൂചിപ്പിച്ചിരിക്കുന്നത് (സങ്കീർത്തനം 85:13; മത്തായി 10:38; 16:24; യോഹന്നാൻ 13:15; 1 യോഹന്നാൻ 2:6). മനുഷ്യനു ദൈവം ആവശ്യമാണ്. യിരെമ്യാ പ്രവാചകൻ ഇതിനെ ഊന്നി പറഞ്ഞിട്ടുണ്ട്. മനുഷ്യനു തന്റെ കാലടികളെ നേരെയാക്കുന്നതിനു സാദ്ധ്യമല്ല എന്നതാണ് കാരണം (യിരെമ്യാവ് 10:23). ക്രിസ്തുവിന്റെ കാലടികളെ പിൻപറ്റുക എന്നതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടേയും ലക്ഷ്യം. ഒരു തികഞ്ഞ നടപ്പിന്റെ മാതൃക ക്രിസ്തുവിൽ ദർശിക്കാം. ആ മാതൃകയെ പറ്റി പറയുന്ന വേദഭാഗം വായിച്ചാൽ അങ്ങനെ ജീവിക്കുന്നതിന്റെ ആവശ്യകത നമുക്കു ബോധ്യമാകും (1 പത്രൊസ് 2:21-25).

### ക്രിസ്തുവിന്റെ ജീവിത മാതൃക

അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തതു (1 പത്രൊസ് 2:21-23). ഈ വേദഭാഗങ്ങളിൽ "നിങ്ങളെ" എന്നു പറഞ്ഞിരിക്കുന്നതു 18-ാം വാക്യത്തിലെ വേലക്കാരെ ഉദ്ദേശിച്ചാണ്, ഒന്നാം നൂറ്റാണ്ടിൽ വേലക്കാർ അനുഭവിച്ച കഷ്ടം വളരെ സങ്കീർണ്ണമായിരുന്നു. മറ്റുള്ളവരാൽ നിരപരാധികൾ കഷ്ടം അനുഭവിക്കേണ്ടിവന്ന സാഹചര്യം. അവർക്ക് ആശ്വാസം ലഭിക്കുവാൻ മറ്റൊരാൾ ഇതേപോലെ കഷ്ടം സഹിച്ചതു ഓർക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തു കഷ്ടം സഹിച്ചതു ഓർക്കുമ്പോൾ അതു നമ്മുടെ നന്മക്കായിരുന്നു എന്നതും ആശ്വാസപ്രദമാണ് (2 തിമൊഥെയൊസ് 3:12; 1 പത്രൊസ് 3:18; മത്തായി 5:10).

മാതൃക എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം "പകർത്തി എഴുതൽ" എന്നു വിശദീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കു സ്ക്കൂളിൽ ഇത്തരം പരിശീലനം നല്കാറുണ്ട്. പടം വരക്കുന്നതും മറ്റും ട്രെയിസിങ്ങ് പേപ്പറിൽ വരയുടെ മുകളിൽ കൂടെ വരച്ചു പഠിക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. അതേ അർത്ഥമാണ് മാതൃക എന്ന വാക്കിനും ഉള്ളത്.

22-ാം വാക്യത്തിൽ അവൻ പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു (2 കൊരിന്ത്യർ 5:21; എബ്രായർ 4:15; 1 യോഹന്നാൻ 3:5). അതായതു പാപം വന്നിട്ടുള്ള ഒരൊറ്റ സംഭവം പോലും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഇനി വഞ്ചന എന്ന വാക്കു നോക്കിയാൽ, ഉപായം, സൂത്രം എന്നിവ അടങ്ങുന്നതാണല്ലോ. കർത്താവിന്റെ നാവിൽ നിന്നു അത്തരത്തിൽ ഒരൊറ്റ വാക്കുപോലും പുറപ്പെട്ടിരുന്നില്ല. അവന്റെ വാക്കുകൾ അത്രയും മറ്റുള്ളവർക്കു ഗുണപ്രദമായിരുന്നു. അവന്റെ ശത്രുക്കൾ അവനിൽ കുറ്റം കണ്ടെത്തുവാൻ വളരെ ഉത്സാഹപൂർവ്വം അന്വേഷണം നടത്തി (യോഹന്നാൻ 1:47; വെളിപ്പാട് 14:5). ക്രിസ്തുവിനെ ആളുകൾ ശകാരിക്കുക മാത്രമല്ല ചെയ്തതു മുള്ളുകൊണ്ടു മുറിവുണ്ടാക്കി വേദനയാൽ കഷ്ടപ്പെടുത്തി എന്നതു കൂടെ കാണുന്നുണ്ട്. അതികഠിനമായ ഈ കഷ്ടത അവൻ സഹിക്കയായിരുന്നു (സങ്കീർത്തനം 38:12-14; മത്തായി 5:11;

ലൂക്കൊസ് 22:64; മത്തായി 26:62–63; മർക്കൊസ് 15:29–32). ശകാരത്തിനു ശകാരമോ കഷ്ടത്തിനു ഭീഷണിയോ അവൻ ഉയർത്തിയില്ല (എബ്രായർ 12:2–3). തന്റെ ഉദ്ദേശത്തിൽ നിന്നു അവനെ പിന്തിരിപ്പിക്കാൻ ഇവക്കൊന്നിനും കഴിഞ്ഞില്ല. ന്യായമായി വിധിക്കുന്ന ദൈവത്തിൽ സകലതും ഭരമേല്പിക്കയത്രെ ചെയ്തതു (സങ്കീർത്തനങ്ങൾ 37:5; 2 തിമൊഥെയൊസ് 1:12; ലൂക്കൊസ് 23:46).

## ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാതൃക

"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു (1 പത്രൊസ് 2:24). ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം നിമിത്തം ആയിരുന്നു അങ്ങനെ ചെയ്തതു. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു (1 യോഹന്നാൻ 3:16). സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല (യോഹന്നാൻ 15:13). നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. ജീവനെ കൊടുക്കുന്നതിലധികം സ്നേഹം മറ്റാർക്കുമില്ല. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാഹാത്മ്യം തുല്യപ്പെടുത്താവുന്ന മറ്റാരുമില്ല (മത്തായി 20:28; മർക്കൊസ് 10:45; 1 തിമൊഥെയൊസ് 2:6). ആകയാൽ ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ (എഫെസ്യർ 5:2).

## ക്രിസ്തുവിന്റെ നായകത്വ മാതൃക

നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപോലെ ആയിരുന്നു ഇപ്പോഴോ നിങ്ങളുടെ ആടുകളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങിവന്നിരിക്കുന്നു (1 പത്രൊസ് 2:25). ഒരു യഥാർത്ഥ ഇടയനെ പോലെയാണ് ക്രിസ്തു. ആളുകളെ നയിക്കുകയും പോറ്റി പുലർത്തി സംരക്ഷിക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 119:76;

മത്തായി 9:36; യോഹന്നാൻ 10:1-6; എബ്രായർ 13:20). ക്രിസ്തു നമ്മുടെ ഇടയശ്രേഷ്ഠനായിട്ടാണ് പത്രൊസ് വിവരിച്ചിരിക്കുന്നത് (1 പത്രൊസ് 5:4). ക്രിസ്തു, ക്രിസ്ത്യാനികളുടെ ക്ഷേമ തല്പരനാണ്. അവരുടെ ആത്മാക്കളെ സംരക്ഷിക്കുകയും നേർ പാതയിൽ സഞ്ചരിക്കാൻ സഹായിക്കുകയും ചെയ്യും (1 തിമൊഥെയൊസ് 2:5-6).

1 പത്രൊസ് 2:21-25 വരെയുള്ള വേദഭാഗങ്ങളിൽ നിന്നും നാം പഠിച്ച കാര്യങ്ങൾ എന്തെല്ലാമാണ്? ക്രിസ്തു നമുക്കു ഒരു മാതൃക വിട്ടിട്ടു പോയിരിക്കുന്നു. അതു നാം പിൻതുടരുവാനാണ്. ക്രിസ്തുവിന്റെ ജീവിതം, സ്നേഹം, നായകത്വം എന്നിവയാണവ. ഈ മാതൃക നമ്മുടെ ജീവിതത്തിലും നാം എടുക്കേണ്ടതാണ്. ക്രിസ്തുവിനോടു അനുരൂപപ്പെട്ടു ജീവിക്കാനാഗ്രഹിക്കുന്നവർ ഈ മാതൃക തങ്ങളുടെ ജീവിത ശൈലിയായി എടുക്കണം. നമ്മുടെ എല്ലാ കാര്യങ്ങൾക്കും പൂർണ്ണാധികാരി ക്രിസ്തുവാണെന്ന കാര്യം ഒരിക്കലും മറക്കരുത്.

# പത്ഥ്യോപദേശം

## ഗസ് നിക്കോൾസ്

ഉപദേശം എന്ന പദത്തെ നിർവചിച്ചിരിക്കുന്നതു പഠിപ്പിക്കപ്പെട്ടതിനെ നിർദ്ദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നാണ്. താത്വികമായ വിശ്വാസമാണ് അഥവാ ഒരു തത്വത്തിന്റെ ഘടന എന്നും പറയുന്നു. ഇവയെല്ലാം പ്രാധാന്യമുള്ളതല്ലേ? പത്ഥ്യോപദേശം മുഖ്യമല്ലേ? ഉപദേശ പ്രസംഗങ്ങൾ ഒന്നും തങ്ങൾക്കു കേൾക്കണ്ട എന്നു പറയുന്നതും മതപരമായ പഠനം ഒന്നും ആവശ്യമില്ല എന്നു പറയുന്നതും സമമാണ്. വിശ്വാസ തത്വത്തെ അവർ തിരസ്ക്കരിക്കുന്നു എന്നതാണ് സാരം.

### ഉപദേശവും വിധിയും

ഉപദേശത്താലും പ്രബോധനത്താലും അല്ലാതെ മറ്റൊരു രീതിയിലും ആളുകളെ പരിവർത്തനം ചെയ്യാൻ ദൈവം തിരഞ്ഞെടുക്കുന്നില്ല. വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി (1 കൊരിന്ത്യർ 1:21).

പരിഷ്ക്കാരിയായ ആധുനിക മനുഷ്യനു ഈ ദൈവിക പദ്ധതി യോജിച്ചതായി തോന്നാതിരിക്കാം. അവനു ഇതു ഭോഷത്വമായി തോന്നാം. എന്നാൽ ദൈവത്തിനു ഇതിൽ ഇഷ്ടം തോന്നി അങ്ങനെയാണ് രക്ഷിക്കുന്നത്. ലോകം ജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞില്ല. മനുഷ്യർക്ക് ഒരു ധാരണയുള്ളത്, ഞങ്ങൾക്ക് ദൈവത്തെക്കാൾ അറിവുണ്ട് എന്നാണ്. അങ്ങനെ പറഞ്ഞില്ലെങ്കിലും അതാണവരുടെ ഭാവം. ആദാമിനോടും ഹവ്വയോടും സാത്താൻ പറഞ്ഞു ഫലിപ്പിച്ചു അവരെ ദൈവത്തിൽ നിന്നും വേർപിരിച്ച് തെറ്റിച്ചു എന്നു നാം കാണുന്നു (ഉല്പത്തി 2:16-17). സുവിശേഷത്തെ മറിച്ചു കളയുന്നവരും ഇതാണ് ചെയ്യുന്നത്. ദൈവം അതു വിലക്കിയിട്ടുണ്ട് (ഗലാത്യർ 1:6-10).

ഈ ലോകത്തു നിന്നു പിരിഞ്ഞു പോകുന്നതിനു മുൻപ് അവസാനമായി യേശു കൊടുത്ത മഹത്തായ കല്പന എന്തെന്നു നോക്കുക. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു ശിഷ്യരാക്കി കൊൾവിൻ (മത്തായി 28:19). ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുവാൻ വേണ്ടി നാം അവരെ ഉപദേശം പഠിപ്പിക്കണം. അതു ക്രിസ്തുവിന്റെ ഉപദേശം ആയിരിക്കണം. അതിന്റെ പ്രാധാന്യം നാം ഗൗരവമായി എടുക്കണം. പത്ഥ്യോപദേശത്തിനൊത്തവണ്ണം പ്രബോധിപ്പിക്ക എന്നാണ് പൗലൊസ് തിമൊഥെയൊസിനു എഴുതിയത് (തീത്തൊസ് 2:1).

തന്റെ ആദ്യത്തെ പ്രസംഗത്തിൽ യേശു സംസാരിച്ചതു ഉപദേശമായിരുന്നു. പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയം പൂണ്ടു എന്നത്രെ രേഖ പറയുന്നതു (മത്തായി 7:25). ദയവോടെ സ്ഫുടതയോടെ ഇന്നും നാം അതേ പത്ഥ്യോപദേശം പ്രസംഗിക്കുകയാണെങ്കിൽ ആളുകൾ അതിശയിക്കും! പ്രഭാതത്തിൽ വിരിയുന്ന ഒരു റോസാ പുഷ്പം പോലെ പുതുക്കമുള്ളതും മനോഹരവും അത്രെ. വായു ശ്വാസകോശത്തിനു യോജിക്കുന്നതുപോലെ മനുഷ്യന്റെ ആവശ്യത്തിനു യോജിക്കുന്നതാണ് ഇന്നും. വിശപ്പിനു ആഹാരവും ദാഹത്തിനു ജലവും എത്രത്തോളം മനുഷ്യനു ആവശ്യമാണോ അതുപോലെ പ്രബോധനവും ഉപദേശവും ഒഴിവാക്കാൻ പറ്റാത്തതു തന്നെ. നമ്മുടെ ഹൃദയത്തിൽ ഇതിൽ കുറവായ മറ്റൊന്നിനും ദൈവത്തെ തൃപ്തിപ്പെടുത്താവുന്നതല്ല. ഒരു പക്ഷി തന്റെ ഇണയെ തേടുന്നതുപോലെയാണ് ഭക്തിക്കനുസാരമായ ഉപദേശവും ശരി

യായ മതവും. സ്ത്രീ പുരുഷനേയും പുരുഷൻ സ്ത്രീയേയും ആഗ്രഹിക്കുന്നതുപോലെ മനുഷ്യനു ദൈവവും ദൈവത്തിന്റെ ഉപദേശവും വേണം.

## ഉപദേശത്തിൽ തുടർന്നു

യെരുശലേമിലെ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു ജീവിച്ചു (പ്രവൃത്തി 2:42). അപ്പൊസ്തലന്മാരിൽ ആരെങ്കിലും ഒരാൾ അവരുടെ ആരാധനക്കിടയിൽ ഉപദേശം നല്കാതെ 'മാറി നിന്നാൽ അതെത്ര ഞെട്ടലുണ്ടാക്കും എന്നോർക്കുക. ഒരാൾ ഇങ്ങനെ പറഞ്ഞെന്നിരിക്കട്ടെ : ഞങ്ങൾക്കു ഉപദേശമൊന്നും വേണ്ട. കേൾക്കാൻ നല്ല രസമുള്ള നല്ല കഥകളോ മറ്റോ കേൾപ്പിച്ചാൽ മതി എന്ന്. അതിനു അപ്പൊസ്തലന്മാർ എന്തു പറയുമായിരുന്നു. ഇതല്ലാതെ ഞങ്ങൾക്കു മറ്റൊന്നും പറവാനില്ല എന്നായിരിക്കും. ഉപദേശത്തെ വിട്ടു കളയുന്നതിനു പകരം യെരുശലേമിലെ ക്രിസ്ത്യാനികൾ ഉപദേശത്തെ മുറുകെ പിടിച്ചു. പ്രമാണിമാർ അവരെ പറ്റി പറയുന്നു: ഈ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി പറഞ്ഞതല്ലയോ? എന്നാൽ നിങ്ങൾ ഉപദേശം കൊണ്ടു യെരുശലേമിനെ നിറെച്ചിരിക്കുന്നു (പ്രവൃത്തി 5:28).

## ഉപദേശത്തിൽ വസിക്കുക

മതപരമായ ലോകം മുഖ്യമായി ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അകന്നു പോയിരിക്കയാണ്. ഉപദേശം അല്ലെങ്കിൽ ക്രിസ്തുവിന്റെ സുവിശേഷം ബൈബിളിൽ വായിക്കുന്ന ക്രിസ്തുവിന്റെ സഭകളെയാണ് പുറപ്പെടുവിക്കുന്നത് (റോമർ 16:16). തല തിരിഞ്ഞ ഉപദേശം എന്തെന്നറിയാതെ നാമധേയ വിഭാഗത്തിലെ ആളുകൾ മടങ്ങി വന്നാൽ ഈ വിശ്വാസവും വെളിപ്പാടും ആരാധനയും അവർക്കു ഒരാഴ്ച്ചപോലും സഹിക്കാൻ പറ്റിയെന്നു വരികയില്ല.

അതുകൊണ്ടു കർത്താവു പറഞ്ഞു: ആളുകൾ തന്റെ ഉപദേശം ഇന്നതെന്നു അറിയണം എന്ന് (യോഹന്നാൻ 7:8). എല്ലാവരും അവന്റെ ഉപദേശത്തിൽ നിലനില്ക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്.

*

# പാപം പാപം തന്നെ!

## M. ഫ്ളേയിഡ് ബെയ്‌ലി

പാപത്തെ മനുഷ്യർ പല രീതിയിൽ ന്യായീകരിക്കയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിസാര പാപമെന്നും സാരമായ പാപമെന്നും പറയാറുണ്ട്. ചെറുതും വലുതുമായി പാപത്തെ തരം തിരിക്കുന്നതു ന്യായീകരണത്തിനുവേണ്ടിയാണ്. ഒരു പത്തുവർഷം മുൻപ് പാപമായി കണക്കാക്കിയിരുന്ന ഒരു കാര്യം ഇന്നു സ്വീകാര്യമായ ഒരു പെരുമാറ്റമായി സമൂഹം അംഗീകരിക്കയാണ്. ലജ്ജാകരമായിരുന്ന കാര്യങ്ങൾ ഒരു കൂസലുമില്ലാതെ ചെയ്യത്തക്കവണ്ണം ഈ മാറ്റം എങ്ങനെ സംഭവിച്ചു. ഇവരെ ഇത്തരം കാര്യങ്ങൾക്കു സ്വാധീനിച്ചതെന്താണ്? സമൂഹം എന്തുകൊണ്ട് ഇന്ന് ഇതെല്ലാം അംഗീകരിക്കുന്നു. നാം കുടുംബമായി ജീവിക്കുന്നവരാണ്. അപ്പനും അമ്മയും മക്കളും ഒത്തൊരുമിച്ചു കഴിയുന്ന ഒരു സംസ്ക്കാരമാണ് നമ്മുടേത്. ഭൗതികമായ ചില ഘടകങ്ങൾ മനുഷ്യരുടെ സ്വഭാവത്തെയും ജീവിത ശൈലിയെയും ബാധിക്കുന്നതാണ് എന്നു തെളിയുന്നു.

മനുഷ്യരുടെ ഹൃദയത്തിലും മനസാക്ഷിയിലും ഈ മാറ്റം വരുവാൻ കാരണം എന്ത്? നാം തെറ്റുകളെ തരം തിരിക്കാതെ പാപം എന്നു വിളിക്കുകയാണെങ്കിൽ ഓരോന്നിന്റേയും പ്രഭാവത്തിനു മാറ്റം വരുകയില്ല. അതു വയറിനെ ഇളക്കിമറിക്കും. പക്ഷെ സമൂഹം ഓരോന്നിന്റേയും പേരിനു മാറ്റം വരുത്തിയിരിക്കുന്നു. മദ്യപാനം ഒരു രോഗമായി ചിത്രീകരിച്ചിരിക്കയാണ്. അതുകൊണ്ട് അതിനെ ചികിത്സിക്കുന്നു. ലജ്ജാശീലത്തെ, ലജ്ജാഭിനയം എന്നാക്കിയിരിക്കയാണ്. ഒരിക്കൽ ലൈംഗിക വൈകൃതം എന്ന പേരിൽ അറിയപ്പെട്ടിരുന്നതു ഇന്നു പറയുന്നതു ഒന്നിടവിട്ട ജീവിത ശൈലി എന്നാണ്. അമ്മയുടെ ഉദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു ശിശുവിനെ ഒരു മാംസ പിണ്ഡം എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള നാമമാറ്റം കൊണ്ടു അവർക്കു തെറ്റിനെ തെറ്റല്ലാതാക്കാൻ പറ്റുമോ? ഒരിക്കലും ഇല്ല. പാപം എപ്പോഴും പാപം തന്നെയാണ്. ഒരു റോസാ പുഷ്പത്തിന്റെ പേർ എങ്ങനെയെല്ലാം മാറ്റിയാലും അതിന്റെ വാസന പഴയതു തന്നെയായിരിക്കും.

പാപം എന്നതു ഏതെല്ലാം വിധത്തിൽ അതിനെ മാറ്റിമറിക്കാൻ ശ്രമിച്ചാലും പാപം എന്നും പാപം തന്നെയാണ്. അതിന്റെ പരിണിത ഫലവും ഒന്നു തന്നെ. അതിന്റെ കാഠിന്യം കുറക്കാൻ എത്ര ശ്രമിച്ചാലും കുറയുകയില്ല. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്യുന്നവൻ അധർമ്മം ചെയ്യുന്നു (റോമർ 6:23; യാക്കോബ് 1:12, 15; സങ്കീർത്തനം 51:1-2). പാപം ഒരാളുടെ വ്യക്തിത്വത്തെ ഭൗതികമായും ആത്മികമായും ബാധിക്കും എന്നതുകൊണ്ടു നാം അതിനെ ഗൗരവത്തോടെ കാണണം. തന്നെയുമല്ല അതിന്റെ ദൂഷ്യമായ ഫലത്തെ ആളുകൾക്കു ബോധ്യപ്പെടുത്തി കൊടുക്കണം. നിരവധി ഫലങ്ങൾ ഉണ്ട്, അവയിൽ നിന്നു ചുരുക്കമായി മൂന്നെണ്ണം നമുക്കു തിരഞ്ഞെടുക്കാം.

## 1. പാപം വിയോജിപ്പിക്കുന്നു

പാപം നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നു. നമുക്ക് ഉള്ളതെല്ലാം നഷ്ടപ്പെടുത്തുകയാണ് പാപത്തിന്റെ ഉദ്ദേശ ഫലം. ശാരീരികശേഷി, മാനസികമായ ഉന്മേഷം, ആത്മികമായ താല്പര്യം എന്നിവയെല്ലാം ഇല്ലാതാക്കാൻ കഴിയുന്നതാണ് പാപം. ഇനി മറ്റെന്തെല്ലാം ഈ ലോകത്തു നേടാൻ കഴിഞ്ഞാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ ആ വ്യക്തിക്കു എന്തു പ്രയോജനമാണ് കിട്ടുന്നത് എന്നു യേശു ചോദിക്കയുണ്ടായി (മർക്കൊസ് 8:36). ജീവനെ നഷ്ടപ്പെടുത്താൻ കഴിവുള്ളതാണ് പാപം. പാപം ആത്മിയമായ ഒരു രോഗമാണ്. കാരണം അത് ആത്മാവിനെ ഇല്ലാതാക്കുന്നു. നന്മയെ നമ്മിൽ നിന്നു നീക്കം ചെയ്യുന്നതാണ് പാപം. ഏറ്റവും വലിയ വൈദ്യൻ ഈ ലോകത്തിൽ വന്നതു നമ്മുടെ സൗഖ്യത്തിനും നഷ്ടപ്പെടുന്ന ജീവൻ തിരിച്ചു നല്കുന്നതിനുമാണ് (ലൂക്കൊസ് 12:13-21). നമ്മിൽ പാപം കടത്തി വിട്ടു നശിപ്പിക്കുവാൻ പ്രവർത്തിക്കുന്നതു വഞ്ചകനായ സാത്താനാണ് (1 കൊരിന്ത്യർ 10:10). എല്ലാ നന്മയും നമ്മിൽ നിന്നു വേർപിരിച്ച് ഒന്നിനും കൊള്ളരുതാത്ത നിലയിലേക്കു നമ്മെ വിയോജിപ്പിച്ച് നിർത്തുവാൻ തന്ത്രം മെനഞ്ഞിരിക്കുന്നതു പിശാചാണെന്നു തിരിച്ചറിയുക.

## 2. പാപം വശീകരിക്കുന്നു.

അടിമത്വത്തിലേക്കു ആകർഷിക്കുന്ന ഒന്നാണ് നിയമ ലംഘനം.

പാപം ചെയ്യുന്നവൻ ഒക്കെയും പാപത്തിന്റെ ദാസൻ ആകുന്നു എന്നത്രെ യേശുക്രിസ്തു പറഞ്ഞത് (യോഹന്നാൻ 8:34). അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസൻമാർ അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസൻമാർ എന്നാണ് (റോമർ 6:16). പാപം ഒരിക്കൽ ഒരാളിൽ കടന്നു അവനെ നശിപ്പിക്കാൻ തുടങ്ങിയാൽ അവൻ അതിനു അടിമപ്പെടുകയാണ് ചെയ്യുന്നതു. ചെയ്ത തെറ്റിനെ മൂടി വെക്കാനായി വേറെ പറയരുതാത്തതും ചെയ്യരുതാത്തതും ചെയ്തുകൊണ്ടു പാപത്തെ വളർത്തിയെടുക്കും. അങ്ങനെയാണ് ഏതൊരാളും പാപത്തിനു കീഴ്പ്പെടുന്നത്.

കൂടാതെ നമ്മുടെ തെറ്റുകൾക്കു മറ്റുള്ളവരിൽ കുറ്റം ചാരുന്നു. അതും നമ്മുടെ ന്യൂനതകളെ മറെക്കുന്നതിനും ന്യായീകരിക്കുന്നതിനുമാണ്. അപ്പോഴും നാം അറിയാതെ പാപം വർദ്ധിപ്പിക്കുകയാണ്. ഒരു വിധത്തിൽ അറിഞ്ഞുകൊണ്ടു തന്നെയാണ് നാം വീണ്ടും വീണ്ടും അങ്ങനെ ചെയ്യുന്നത്. അവനാണ് അതിനു കാരണം, അവളാണ് അതിനുത്തരവാദി എന്നെല്ലാം ആളുകൾ പറയാറില്ലേ. മറ്റുള്ളവരുടെ മുൻപിൽ നാം നല്ലവരായി അറിയപ്പെടണം എന്ന ആഗ്രഹമാണ് ഇങ്ങനെ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. മറ്റുള്ളവരെ, അവർ ഒരുപക്ഷെ നിരപരാധികളായിരിക്കും, നാം നിരപരാധികളെ നമ്മുടെ കുറ്റം ചുമത്തി രക്ഷപ്പെടാൻ ശ്രമിക്കുന്നതും ഒരു പാപമാണ് എന്ന ചിന്ത മറന്നു പോകുകയാണോ? എങ്ങനെയായാലും പാപം നമ്മെ മോഹിപ്പിച്ച് കീഴ്പ്പെടുത്തി അടിമയാക്കി മാറ്റുന്നു എന്നതാണ് വാസ്തവം.

### 3. പാപം വേർപിരിക്കുന്നു.

നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളേയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു (യെശയ്യാവ് 59:2). ദൈവത്തെ പിരിഞ്ഞു നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു മനുഷ്യർ. അതുകൊണ്ടാണ് യേശു ഈ ഭൂമിയിൽ വരേണ്ടി വന്നതു. അതു നാം ഓരോരുത്തരും മനസിലാക്കണം. പാപം അല്ലെങ്കിൽ അധർമ്മമാണ് അതിനു

കാരണം. പാപം മനുഷ്യനെ അശുദ്ധമാക്കുന്നു. പാപിയായ മനുഷ്യന് വിശുദ്ധനായ ദൈവത്തെ അഭിമുഖീകരിക്കാൻ പറ്റാതെ അങ്ങനെ അകന്നു. ഇതാണ് പരമാർത്ഥത്തിൽ സംഭവിച്ചത്. രണ്ടു പേരെ ഭിന്നിപ്പിക്കുന്നതാണ് പാപം. കാണാതെ പോയ ആടും നഷ്ടപ്പെട്ട ദ്രഹ്മയും നമ്മെ പഠിപ്പിക്കുന്ന പാഠം അതാണ്. അതായത് ദൈവത്തെയും മനുഷ്യരേയും തമ്മിൽ ഭിന്നിപ്പിക്കുന്നതു പാപമാണ്. അതു ഗൗരവമായി ചിന്തിക്കേണ്ട പലരും അതിനെ കാര്യമായി എടുക്കുന്നില്ല.

പാപം നമ്മെ തരം താഴ്ത്തി വിയോജിപ്പിക്കുന്ന ഒന്നാണ്, ജീവിതത്തിലെ നന്മയെ എടുത്തു കളയുന്നതാണ്, അതു നമ്മെ മോഹിപ്പിച്ച് അടിമയാക്കും.

★

# നിങ്ങളുടെ മക്കൾ സ്വർഗത്തിൽ പോകുമോ

**ജെയിസൺ റോബർട്ട്സ്**

മക്കൾ ജനിക്കുവാൻ ഭാഗ്യം ലഭിച്ച അപ്പനും അമ്മയ്ക്കും മേലുദ്ധരിച്ച ചോദ്യം അവരുടെ അന്തരംഗത്തെ താല്പര്യത്തോടെ ഉണർത്തും. കാരണം മക്കൾ ദൈവത്തിന്റെ പ്രതിഫലമാണ് (സങ്കീർത്തനങ്ങൾ 127:3). ദൈവത്താൽ മെനയപ്പെട്ടവരാണ് കുഞ്ഞുങ്ങൾ എന്നതു തന്നെ ദൈവത്തോടുള്ള വിധേയത്വത്തെ ഊട്ടി ഉറപ്പിക്കുന്നതാണ് (ഉല്പത്തി 2:7; സെഖര്യാവ് 12:1; എബ്രായർ 12:9). അനന്തരഫലമായി അവരിൽ ദൈവം തന്റെ ആത്മാവിനെ കൊടുത്തിരിക്കുകയാണ്. ആത്മാവ് ഒന്നുകിൽ നിത്യമായി സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെ വസിപ്പാൻ വേണ്ടിയാണ് അപ്രകാരം ചെയ്തിരിക്കുന്നത്. എന്നാൽ ചിലർ ദൈവത്തെ മറന്നു ദൈവ കല്പനകളെ തള്ളിക്കളഞ്ഞു ജീവിക്കുന്നതിന്റെ ഫലമായി അവരുടെ ആത്മാക്കൾ നരകത്തിൽ പിശാചിനോടും അവന്റെ ദൂതന്മാരോടും കൂടെ എന്നേക്കും വസിക്കേണ്ടിയും വരുന്നു. താഴെ പറയുന്ന കാര്യ

ങ്ങൾ ഗൗരവമായി പരിഗണനക്കായി എടുക്കുക.

ചില മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾ എഞ്ചിനീയറാകുമോ അതോ ഡോക്ടർ ആകുമോ എന്ന ചിന്തയിലാണ്. വേറെ ചിലർ, അവർ ക്രിക്കറ്റു താരമോ ഫുട്ബോൾ കളിക്കാരനോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും മേഖലകളിൽ ഉയരുമോ എന്ന തായിരിക്കും. പെൺകുട്ടികളായാലും ആൺകുട്ടികളായാലും അവർക്കു ഏറ്റവും നല്ലൊരു ജോലി വേണം എന്നു ആഗ്രഹിക്കുന്ന രക്ഷിതാക്കളുമുണ്ട്. ഈ വിചാരങ്ങൾ ഒന്നും തന്നെ ഒറ്റനോട്ടത്തിൽ തെറ്റല്ല എന്നു കാണാം. ഭൗതികമായ കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തുകയും ആത്മിക കാര്യങ്ങളിൽ അവർ താല്പര്യം കാണി ക്കാതിരിക്കയും ചെയ്യുന്നതാണ് അപകടകരം. കുട്ടികളുടെ ആത്മിയ ക്ഷേമത്തിനായി നാം പ്രവർത്തിക്കണം. ഉത്തരവാദിത്വമുള്ള അപ്പനും അമ്മയും അവരുടെ മക്കളുടെ ആത്മിയ ജീവിതത്തെ കുറിച്ചു ബോധ മുള്ളവരായിരിക്കും. പക്ഷെ അതിനു രക്ഷകർത്താക്കൾക്കു ആത്മിയ പരിജ്ഞാനം ഉണ്ടായിരിക്കണം. എങ്കിലേ അവർക്ക് അതിന്റെ വില മനസ്സിലാകയുള്ളൂ.

നിങ്ങളുടെ മക്കൾ സ്വർഗ്ഗത്തിൽ പോകുമോ? എപ്പോഴെങ്കിലും നിങ്ങൾ അതു ചിന്തിച്ചിട്ടുണ്ടോ? കുട്ടികളെ വളർത്തുമ്പോൾ മാതാ പിതാക്കൾ ധാരാളം കാര്യങ്ങൾ പഠിക്കേണ്ടതായിട്ടുണ്ട്. രക്ഷിതാ ക്കൾക്കു തെറ്റു പറ്റാം. എന്നാൽ തങ്ങളുടെ കുട്ടികളുടെ ആത്മാ ക്കൾ കുഴപ്പത്തിൽ ചെന്നെത്തുന്ന ഒന്നും അവരിൽ ചെലുത്തുന്ന വരായിരിക്കരുത്. ആ വിധത്തിൽ ചിന്തിച്ച് വേണം കുട്ടികളുടെ ഭാവി രൂപപ്പെടുത്തുവാൻ. അവർ സ്വർഗ്ഗത്തിൽ പോകുവാൻ നിങ്ങൾ ആഗ്ര ഹിക്കുന്നുവെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ സംഭവിച്ചാൽ എന്താ യിരിക്കും ഫലമെന്നു ആലോചിക്കുക.

കായിക മത്സരങ്ങളിലും കലാസാംസ്കാരിക മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ സഹായിച്ചുകൊണ്ടിരിക്കുന്നവർ അവ രുടെ മുറികളിൽ സമ്മാനങ്ങളും ട്രോഫികളും സർട്ടിഫിക്കറ്റുകളും കൊണ്ടു നിറെക്കുന്നു. പക്ഷെ അവരെ ആത്മിക കാര്യങ്ങൾ ഉത്തേ ജിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാതിരുന്നാൽ ഏറ്റവും വലിയ പ്രതിഫലമോ ഉന്നതമായ ലക്ഷ്യസ്ഥാനമോ അപ്രാപ്യമാകുന്നു

എന്നതാണ് വാസ്തവം (എബ്രായർ 12:12; എഫെസ്യർ 6:10; ഫിലിപ്പിയർ 3:14; 2 തിമൊഥെയൊസ് 2:2–5). അതു ദൈവത്തിൽ നിന്നാണ് ലഭിക്കുന്നതെന്നോർക്കുക. ഒന്നു നശ്വരവും മറ്റൊന്നു അനശ്വരവുമാണ് (വെളിപ്പാട് 2:10; 1 പത്രൊസ് 5:4).

ഞായറാഴ്ച്ച സഭയുടെ കൂടിവരുന്ന സമയത്തും ഇടദിവസങ്ങളിലെ സഭയുടെ ബൈബിൾ പഠന സമയത്തോ മീറ്റിങ്ങുകളുടെ സമയത്തോ ആണ് കുട്ടികളുടെ കായിക കലാ മത്സരമെങ്കിൽ അല്ലെങ്കിൽ പരീക്ഷകൾ എങ്കിൽ, നിങ്ങൾ സഭയുടെ കൂടിവരവ് ഉപേക്ഷിച്ച് കുട്ടികളുടെ പരിപാടിയിൽ പങ്കെടുക്കുവാൻ പോകുമോ? അതു നിങ്ങളുടെ ആത്മാവിനെ ബാധിക്കുകയില്ലേ? ശരിയായ മാതൃകയാണോ നിങ്ങൾ കുട്ടികൾക്കും മറ്റുള്ളവർക്കും കാണിച്ചു കൊടുക്കുന്നത്? ദൈവം നമ്മെയും നമ്മുടെ കുട്ടികളെയും സഭയിൽ ആ സമയത്തു പ്രതീക്ഷിക്കുന്നില്ലേ?

സഭായോഗത്തിലും സൺഡേ സ്ക്കൂളിലും കുട്ടികളെ പങ്കെടുപ്പിക്കേണ്ടതു മുടക്കി സ്ക്കൂളിലെ സിനിമ, ഡാൻസ് തുടങ്ങിയ പരിപാടികൾക്കു കുട്ടികളെ പറഞ്ഞയക്കുന്ന മാതാപിതാക്കൾ അവരെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുവാൻ ശ്രമിക്കുകയാണോ? തീരുമാനങ്ങൾ എടുക്കുന്നതിൽ പക്വത വരാത്ത കുട്ടികളെ ശരിയായതും ആത്മീയമായതുമായ തീരുമാനങ്ങൾ എടുക്കാൻ നിങ്ങൾ അവരെ സഹായിക്കുമോ? (ഗലാത്യർ 5:19–21; 2:20; 1 കൊരിന്ത്യർ 15:33). ദൈവം പ്രത്യേകമായി വിലക്കിയിരിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ നാം നമ്മുടെ കുട്ടികളെ മൗനാനുവാദത്തോടെ അയക്കുമോ? തെറ്റായ ജീവിത ശൈലി സ്വീകരിക്കുന്ന കുട്ടികളുമായി കൂട്ടുകൂടുവാൻ നാം കുട്ടികളെ അനുവദിക്കുമോ? അങ്ങനെ ചെയ്താൽ ഉണ്ടാകാവുന്ന അനുഭവങ്ങൾ അറിവുള്ളതാണല്ലൊ (എഫെസ്യർ 5:11). നാം ആരാധനക്കു പങ്കെടുക്കാൻ വരുമ്പോൾ കുട്ടികളെ അതിൽ പങ്കെടുപ്പിക്കാതെ വീട്ടിൽ ആക്കിയിട്ടു വരുമ്പോൾ നാം അവരെക്കുറിച്ചു കരുതലുള്ളവരോ? അവരെ കർത്താവിന്റെ ഉപദേശം കേൾപ്പിക്കാനോ അവന്റെ വഴിയിൽ നടത്തുവാനോ നാം ഒരുങ്ങുന്നില്ലെങ്കിൽ അതിന്റെ അർത്ഥം എന്താണ്? ദൈവം നമ്മുടെ ഉത്തരവാദിത്വത്തെ എങ്ങനെ കാണുന്നു (എബ്രായർ 10:25; മത്തായി 6:33).

ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെ നാം എങ്ങനെ കാണുന്നു

എന്നതു പ്രസക്തമാണ്. നമ്മുടെ കുട്ടികൾ അതു കണ്ടാണ് പഠിക്കുന്നത്. കർത്താവ്, തന്റെ സഭയെ വിലയേറിയതായി നമുക്കു കാണിച്ചു തന്നിട്ടുണ്ട്. നാം അതു അറിഞ്ഞുവെങ്കിൽ നമ്മുടെ കുട്ടികളെ അതു അറിയിച്ചുകൊടുക്കണം. കാരണം അവർ ഭാവിയിൽ ആരായി തീരണം എന്ന തിരഞ്ഞെടുപ്പ് നടത്തേണ്ടവരാണ്. കർത്താവിന്റെ സഭയിൽ അംഗങ്ങളായി തീരുവാൻ എല്ലാവിധത്തിലും അവർക്കു ശിക്ഷണം ലഭിച്ചിരിക്കണം. കാരണം ആത്മാവിന്റെ രക്ഷ കർത്താവിന്റെ സഭയിൽ മാത്രം ലഭ്യമാണ് എന്നതാണ് (2 തിമൊഥെയൊസ് 2:10; ഗലാത്യർ 3:26–27; എഫെസ്യർ 5:23–24).

നാം നമ്മുടെ ജീവിതത്തിൽ രണ്ടു കാര്യങ്ങൾക്കു മുൻഗണന കൊടുത്തില്ലെങ്കിൽ എങ്ങനെ നമ്മുടെ കുട്ടികൾ സ്വർഗ്ഗത്തിൽ പോകും? ദൈവ രാജ്യവും ദൈവ നീതിയും ആയിരിക്കണം നമ്മുടെ ആത്മിയ മാതൃക. നമ്മുടെ കുട്ടികൾ നമുക്കു വിലപ്പെട്ടവരാണ്. അവർക്ക് എന്തെങ്കിലും മോശമായി സംഭവിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. അവരോടുള്ള സ്നേഹവും കരുണയും നമ്മുടെ ദൈവത്തിൽ നിന്നും ലഭിക്കണം എന്നു ഓർക്കുക. നീതിമാൻ വിശ്വാസത്താൽ ജീവിക്കും. ഈ ലോകത്തിൽ അവസാനിക്കുന്ന ഒന്നല്ല നമ്മുടെ ജീവിതം. നമ്മെ ശിക്ഷിപ്പാനും രക്ഷിപ്പാനും അധികാരമുള്ള ദൈവത്തെ നാം കുട്ടികൾക്കു കാണിച്ചു കൊടുക്കണം. അവർക്കു കൊടുക്കേണ്ട ആത്മിയ ആഹാരം കൊടുക്കാതിരിക്കരുത്. അവർ വളർന്നു വലുതാകണം എന്ന ആഗ്രഹത്തോടെയാണ് നാം അവർക്കുവേണ്ടി അദ്ധ്വാനിക്കുന്നത്.

✶

# ദൈവ വചനം പ്രസംഗിക്കൽ

## എൽവുഡ് ഹോൾട്ട്

ലോകത്തിൽ ധാരാളം തത്വശാസ്ത്രങ്ങളും ചിന്തകളും പ്രചുര പ്രചാരത്തിലിരിക്കുന്നുണ്ട്. പക്ഷെ വേണ്ടത്ര സുവിശേഷം മാത്രം എല്ലാ ദിക്കിലും എത്തിയിട്ടില്ല. സഭയുടെ പ്രാഥമികമായ കടമ സുവിശേഷം അറിയിക്കൽ അല്ലെങ്കിൽ പ്രസംഗിക്കൽ ആണ്. സഭ എന്നതു

പ്രസംഗിക്കുന്ന സ്ഥാപനമാണ്. അല്ലാതെ ചടങ്ങുകളുടേയോ ആഘോഷങ്ങളുടേയോ സംഘടനയല്ല. ധാരാളം ആളുകൾ ഇത് അറിയാതിരിക്കയോ അറിഞ്ഞവർ മറന്നുപോകുകയോ ചെയ്തിരിക്കുന്നു. ചിലർക്കു സഭ എന്നതു ആഹാരവും വസ്ത്രവും വിതരണം ചെയ്യുന്ന ചന്തപോലെ ആയി തീരാറുണ്ട്. നശിച്ചു പോകുന്ന ആഹാരത്തിനോ അല്ലെങ്കിൽ അതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി മാത്രം നിലകൊള്ളുകയെന്ന തരം താഴ്ന്ന മനോഭാവമാണ്. സ്വാർത്ഥ താല്പര്യങ്ങളെ വർദ്ധിപ്പിക്കുന്ന സ്ഥാപനമാക്കി വേറെ ചിലർ മാറ്റിയിരിക്കുന്നു, എന്നാൽ കർത്താവിനു തന്റെ സഭ വിലയേറിയതാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ക്രിസ്തു തന്റെ സഭയ്ക്കു നല്കിയിരിക്കുന്നത്. ദൈവവചനം, ചുറ്റികപോലെയും തീ പോലെയും ആണെന്നു യിരെമ്യാ പ്രവാചകൻ അറിയിച്ചിരിക്കുന്നു (യിരെമ്യാവ് 23:29).

ദൈവത്തിന്റെ വചനം ഇരുവായ്ത്തലയുള്ള വാളിനേക്കാൾ മൂർച്ചയേറിയതാണ് (എബ്രായർ 4:12). പാറയെ ഉടയ്ക്കുവാനുള്ള ശക്തി ചുറ്റികയ്ക്കുണ്ട്. നമുക്കറിയാം തീ കത്തുന്നതാണ്. പാപത്തിന്മേൽ ദൈവ വചനത്തിനുള്ള ശക്തിയെയാണ് ഈ പ്രസ്താവന വിലയിരുത്തുന്നത്. രണ്ടറ്റവും മൂർച്ചയുള്ള ഒരു വാളിനോടു സാദൃശ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇന്ന് സമൂഹത്തിലെ ഭൂരിഭാഗം ആളുകളും വഴുവഴുപ്പുള്ള ചുറ്റികയും കത്താത്ത തീയും മൂർച്ചയില്ലാത്ത വാളും ആണ് എടുത്തിരിക്കുന്നത്. സുവിശേഷ സത്യം അങ്ങനെ തന്നെ ഉപയോഗിച്ചാൽ അതിന്റെ ശക്തി അനുഭവപ്പെടും. പക്ഷെ കൂട്ടുചേർക്കുകയോ മാറ്റുകയോ ചെയ്യുമ്പോൾ ദൈവം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല. സുവിശേഷം വിശ്വസിക്കുന്നവർക്കു രക്ഷയ്ക്കുള്ള ദൈവ ശക്തിയാകുന്നു. പക്ഷെ അതിനെ മറിച്ചു കളഞ്ഞാൽ ഫലം നാശവും മരണവുമായിരിക്കും. വ്യക്തികളുടെ ജീവിതം പരമാർത്ഥതയോടെ നയിക്കുവാൻ സഹായകരമായ വചനമാണ് ദൈവം വെളിപ്പെടുത്തി തന്നിരിക്കുന്നത്. ആ അരുളപ്പാടുകളെ അങ്ങനെ തന്നെ നാം കൈക്കൊള്ളണമെന്നർത്ഥം.

സത്യം സംസാരിക്കേണ്ട സഭമേൽ അതിഭയങ്കരമായ ഉത്തരവാദിത്വമാണ് നിക്ഷിപ്തമായിരിക്കുന്നത്. പാപത്തിന്റെ അടിമത്വത്തിൽ

നിന്നും ആത്മാവിനെ മോചിപ്പിക്കുവാൻ തെറ്റുകൾക്കു ഒരിക്കലും സാദ്ധ്യമല്ല. എത്ര ആത്മാർത്ഥതയോടെ ശ്രമിച്ച് തെറ്റു ചെയ്താലും അതിനാൽ ഒരാത്മാവിനെ പോലും രക്ഷിക്കാൻ പറ്റുകയില്ല. തെറ്റുകളെ അനുരൂപപ്പെടുത്തിയിരിക്കുന്ന ഒന്നല്ല ക്രിസ്തുവിന്റെ സത്യം. സത്യം എവിടെ നടുന്നുവോ അവിടെ തെറ്റിന്റെ വേർ പറിഞ്ഞു പോകുന്നു. ബൈബിളിനെ കുറിച്ച് ധാരാളം പ്രസംഗങ്ങൾ ഇന്നു കേൾക്കുന്നുണ്ട്. എന്നാൽ ബൈബിളിൽ നിന്നു മാത്രമായ പ്രസംഗങ്ങൾ വിരളമാണ്. മനുഷ്യജീവിതം ആത്മിയ അപ്പത്തിനായി നിലവിളിക്കുന്നുണ്ട്. ഓരോ പ്രാദേശിക ഇടവകയും അതു കേൾക്കണം. ബൈബിളിലെ വലിയ സന്ദർഭങ്ങൾ എടുത്താൽ അതിൽ നിന്നു പലതും പഠിക്കാൻ പറ്റും. ദൈവത്തിന്റെ വചനം എന്ന പുതിയ നിയമം മതിയാകും. സാത്താൻ മനുഷ്യരെ ലൗകികമായതിൽ ആകർഷിക്കുന്നുണ്ട്. പക്ഷെ നിത്യമായവ ദൈവത്തിൽ നിന്നു മാത്രമെ ലഭിക്കയുള്ളു.

സകല മനുഷ്യ ഹൃദയങ്ങൾക്കും ഇപ്പോഴും എപ്പോഴും ആവശ്യമായ സംതൃപ്തി ദൈവ വചനം മുഖാന്തരം മാത്രം ലഭിക്കുന്നതാണ്. ചിലർ വിചാരിക്കുന്നതുപോലെ വചനം നിർജീവമായ ഒന്നല്ല; അതു ജീവനുള്ളതും പ്രവർത്തിക്കുന്നതുമാണ്. അതു രൂപാന്തരത്തിനു മതിയായതാണ്. സകല സൽപ്രവൃത്തിക്കും വേണ്ടി ഒരുക്കിയിട്ടുള്ളതാണ് (2 തിമൊഥെയൊസ് 3:16-17). ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും അതു നല്കുന്നു (2 പത്രൊസ് 1:3). അതിനോടു കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് (വെളിപ്പാട് 22:18-19). മാറ്റം ആവശ്യമില്ലാത്ത ഒരു പ്രമാണമാണ് അത്. ലോകത്തിന്റെ മുഴുവൻ യഥാർത്ഥ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ ഒന്നാണിത്. അതു തികവുള്ളതും സഹിഷ്ണുത തരുന്നതുമാണ്. ഇതേ വചനമാണ് അന്ത്യനാളിൽ എല്ലാവരേയും വിധിക്കുന്നത് (യോഹന്നാൻ 12:48).

സുവിശേഷം പ്രസംഗിക്കേണ്ട സുവിശേഷകന്മാർ ബൈബിളിലെ ഏതെങ്കിലും ഒരു ഭാഗം എടുത്തുകൊണ്ടു സംസാരിക്കുന്നതെല്ലാം മറ്റെന്തെങ്കിലും ആയാൽ ദൈവ വചനത്തിനു പകരം ആളുകൾ മറ്റെന്തു നല്കിയാലും ശരിയാവുകയില്ല.

★

# വാർത്തകൾ

## കായികക്ഷമതാ പരീക്ഷ പോലീസ് അട്ടിമറിച്ചു

പൊലീസ് കോൺസ്റ്റബിൾ നിയമനത്തിനു വിവിധ ജില്ലകളിൽ നടത്തിയ കായികക്ഷമതാ പരീക്ഷയിൽ വൻ ക്രമക്കേട്. വൻതുക കോഴ വാങ്ങി പൊലീസ് ഉദ്യോഗസ്ഥർ അനർഹരായ മൂവായിരത്തിലധികം പേരെ വിജയിപ്പിച്ചെന്നാണ് ആരോപണം.

പിഎസ്‌സി ഉദ്യോഗസ്ഥരെ നോക്കുകുത്തികളാക്കിയിട്ടാണ് ഈ അഴിമതി നടത്തിയത്. ക്രമക്കേടിനു കൂട്ടുനിൽക്കാത്ത പിഎസ്‌സി ഉദ്യോഗസ്ഥർക്കു നേരെ പൊലീസിന്റെ വക ഭീഷണിയും കയ്യേറ്റശ്രമവുമുണ്ടായി. മലയാള മനോരമ 'തൊഴിൽവീഥി' നടത്തിയ അന്വേഷണത്തിലാണു ഞെട്ടിക്കുന്ന വിവരം പുറത്തു വന്നത്.

*

## നഗരം ഗതാഗതക്കുരുക്കിന്റെ ഭീഷണിയിൽ

ഇന്നുമുതൽ നഗരം ഗതാഗതക്കുരുക്കിന്റെ ഭീഷണിയിൽ. പൊട്ടിപ്പൊളിഞ്ഞ റോഡും ജപ്പാൻ കുഴികളും മഴയും അശാസ്ത്രീയമായ ട്രാഫിക് സിഗ്നലുകളും ഇപ്പോഴേ നഗരത്തെ സ്ഥിരം ഗതാഗതക്കുരുക്കിലാഴ്ത്തിയിട്ടുണ്ട്. അതിനൊപ്പം ഇന്നു സ്കൂളുകൾ തുറക്കുന്നതോടെ ഏതൊക്കെ വഴിയിൽ ആർക്കൊക്കെ പോകാൻ കഴിയുമെന്നു കണ്ടറിയണം. സമരക്കാരുടെ ഗതാഗതമുടക്കു വേറെയും. ഗതാഗത പ്രശ്നം പരിഹരിക്കാൻ ജനം ഒരു മാസം മുൻപേ മുറവിളി കൂട്ടിയെങ്കിലും വഴിപാടിനുപോലും ഒരു യോഗം ചേരാൻ അധികൃതർ തയ്യാറായില്ല.

*

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## കോടതി ഗേറ്റിലെ പൂട്ട് തകർത്തു മോഷണശ്രമം

വഞ്ചിയൂർ കോടതി ഗേറ്റിലെ പൂട്ട് തകർത്തു മോഷണശ്രമം. റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി മതിൽ ഉയർത്തിക്കെട്ടിയ സാഹചര്യത്തിലാണു പൂട്ട് തകർത്തു കോടതിവളപ്പിനുള്ളിൽ കടക്കാൻ ശ്രമമുണ്ടായത്.

കഴിഞ്ഞ മാസം ജുഡീഷ്യൽ മജിസ്ട്രേട്ട് ഒന്നാം കോടതിയിൽ മോഷണശ്രമം നടന്നിരുന്നു. ആറു മാസം മുൻപു രണ്ടാം കോടതിയിൽ അലമാര കുത്തിത്തുറന്നു തൊണ്ടിമുതലുകൾ കവർന്നു. സംഭവങ്ങളിലൊന്നും പ്രതികളെ പിടിച്ചിട്ടില്ല. കഴിഞ്ഞ ദിവസം നടന്ന സംഭവത്തിലും വഞ്ചിയൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

✶

## വിവാഹ വാഗ്ദാനം നൽകി പീഡനം: അയൽവാസിയായ യുവാവ് അറസ്റ്റിൽ

വിവാഹ വാഗ്ദാനം നൽകി മാന്തുരുത്തി സ്വദേശിനിയായ പത്താം ക്ലാസ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ അയൽവാസിയായ യുവാവിനെ അറസ്റ്റു ചെയ്തു.

✶

## പള്ളി പാഴ്സനേജിൽ നിന്ന് 15 പവനും പണവും കവർന്നു

പള്ളിയിൽ ആരാധന നടക്കുമ്പോൾ പള്ളി പാഴ്സനേജിൽ നിന്നു 15 പവനും 12, 000 രൂപയും മോഷ്ടിച്ചു.

തുകലശേരി സെന്റ് തോമസ് സിഎസ്ഐ പള്ളി വികാരി റവ. സജി കെ. സാമും കുടുംബവും താമസിക്കുന്ന പാഴ്സനേജിൽ ഇന്നലെ രാവിലെ എട്ടിനും പതിനൊന്നിനും ഇടയിലാണ് മോഷണം.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 June**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth
Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378